KERALA STATE ELECTRICITY BOARD LIMITED
*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*

**D (D, IT & HRM)/ COVID 19/ 2019 – 2020/12 /** **08.05.2020**

## പരിപത്രം

വിഷയം :- കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - നിർമ്മാണ/നവീകരണ പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച്

സൂചന : 1. 19.03.2020 ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020 ലെ പരിപത്രം നമ്പർ PS1(B)/Covid-19/മുൻകരുതൽ/2020
3. 23.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/6
8. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/7
9. 27.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/8
10. 29.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/9
11. 30.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/10
12. 05.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/11

തടസ്സരഹിതമായ വൈദ്യുതി വിതരണം ഉറപ്പവരുത്തുന്നതിനായുള്ളവ ഒഴികെ എല്ലാ നിർമ്മാണ/നവീകരണ ജോലികളും ലോക്ക് ഡൗൺ കാലയളവിൽ നിർത്തിവയ്ക്കുന്നതിനായുള്ള നിർദ്ദേശം സൂചന 5 പ്രകാരം നൽകിയിരുന്നു. പിന്നീട് പരിപത്രം 6 പ്രകാരം സർക്കാർ റെഡ് സോൺ ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണവുമായി ബന്ധപ്പെട്ട അടിയന്തര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. റെഡ് സോൺ ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിലും കണ്ടയിൻമെന്റ് സോൺ ഉൾപ്പെടുന്ന സ്ഥലങ്ങളിലും ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി വാങ്ങിയ ശേഷം അടിയന്തര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാനും നിർദേശിച്ചിരുന്നു.

സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം, 04.05.2020 മുതൽ ആരംഭിച്ച മൂന്നാം ഘട്ട ലോക്ക് ഡൗൺ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സങ്ങളില്ല.

ഈ സാഹചര്യത്തിൽ താഴെ പറയും പ്രകാരം തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണവുമായി ബന്ധപ്പെട്ട് നിർത്തി വെച്ചിട്ടുള്ള എല്ലാ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും പൂർണ്ണതോതിൽ പുനരാരംഭിക്കേണ്ടതാണ്.
2. മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ ഏതെങ്കിലും പൂർത്തിയാക്കാൻ ഉണ്ടെങ്കിൽ ആയതിന് മുൻഗണന നൽകേണ്ടതുണ്ട്
3. നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഏറ്റെടുത്തു നടത്തുമ്പോൾ സാമൂഹിക അകലം പാലിക്കുന്നത് ഉൾപ്പെടെ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. കഴിയുന്നതും അഞ്ചു പേരിൽ കൂടുതൽ ഒരു സ്ഥലത്ത് കൂട്ടംകൂടുന്നത് ഒഴിവാക്കണം.
4. ഏതെങ്കിലും പ്രദേശങ്ങളിൽ ഇപ്രകാരമുള്ള പ്രവർത്തികൾ റവന്യൂ / ദുരന്തനിവാരണ / പോലീസ് അധികാരികൾ തടസ്സപ്പെടുത്തുന്ന പക്ഷം പ്രസ്തുത ജോലികൾ നിർത്തി വയ്ക്കേണ്ടതും മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ പ്രവർത്തിയുടെ അടിയന്തര സ്വഭാവം പരിശോധിച്ച ശേഷം ആവശ്യമെങ്കിൽ റവന്യൂ / ദുരന്തനിവാരണ / പോലീസ് അധികാരികളുടെ പ്രത്യേക അനുമതിക്കായി ശ്രമിക്കേണ്ടതാണ്.

ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ

എല്ലാ ഓഫീസ് മേധാവികൾക്കും